ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, ടി. കെ. അബ്ദു:

,, ടി. കെ. ആറുമുഖൻ:

,, കെ. ശങ്കരനാരായണപിള്ള:

,, ഹി. സി. കബീർ:

ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി:

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:

,, സിറിയക് ജോൺ:

,, എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ പത്തു കൊല്ലത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) മുടക്കം കൂടാതെ സർവ്വീസ് നടത്താൻ വേണ്ടത്ര ബസ്സുകൾ വാങ്ങാൻ ആകെ വേണ്ടിവരുന്ന സംഖ്യ എത്ര;

(സി) ഈ സംഖ്യ ഗവൺമെന്റ് വായ്പയായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1–11–1986–ലെ കണക്കനുസരിച്ച് 653 ബസ്സുകൾ.

(ബി) 20 കോടിരൂപ.

(സി) ഇല്ല.

മരണമടഞ്ഞ പാലയ്ക്കൽ നാടാരുടെ അനന്തരാവകാശികൾക്ക് ജോലി നൽകാൻ നടപടി

1676 [2509] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് തൊഴിലാളിയായിരിക്കെ മരണമടഞ്ഞ പാലയ്ക്കൽ നാടാരുടെ അനന്തരാവകാശി പി. ടി. സുരേഷ്കുമാറിന് സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ജോലി നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ശ്രീ. പി. ടി. സുരേഷ്കുമാറിന് എത്രയും വേഗം ജോലി നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7–ാം പദ്ധതി അവസാനിക്കുമ്പോഴേയ്ക്കും ബസ് സ്റ്റാഫ് റേഷ്യോ കുറയ്ക്കണമെന്ന ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. സുരേഷ്കുമാറിന് നിയമനം നൽകാൻ കഴിഞ്ഞില്ല. എന്നാൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ആശ്രിതരെയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള കണ്ടക്ടർമാരേയും നിയമിക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം നടപ്പിലാക്കാൻ ബഹു. മാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ഉള്ള സ്റ്റേമൂലം സാധിച്ചിട്ടില്ല.

(ബി) ബഹു. കേരള ഹൈക്കോടതിയിലുള്ള ഒ. പി. 6689/86ന്റെ തീർപ്പിനുശേഷം പരിഗണിക്കുന്നതാണ്.

സമയവിവരപ്പട്ടിക

1677 [2510] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ പ്രധാനപ്പെട്ട കെ. എസ്. ആർ. ടി. സി. സിറ്റി ബസ് സ്റ്റോപ്പുകളിലും സമയവിവരപ്പട്ടിക സ്ഥാപിക്കാൻ നിർദ്ദേശം നൽകുമോ;

ഉത്തരം

പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

വാഹന ഉടമകളിൽനിന്നും കിട്ടാനുള്ള ടാക്സ്

1678 [2511] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 31–10–1986 വരെ വാഹന ഉടമകളിൽനിന്നും ടാക്സ് ഇനത്തിൽ എത്രസംഖ്യ കിട്ടാനുണ്ട്;

(ബി) അതിൽ അരലക്ഷത്തിലധികം നൽകാനുള്ളവരുടെ പേരും സംഖ്യയും വ്യക്തമാക്കുമോ;

(സി) ഈ സംഖ്യ എന്ന് പിരിച്ചെടുക്കാൻ കഴിയും?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 30–6–1986 വരെയുള്ള കാലയളവിൽ 2,64,44,216 രൂപ ആകെ പിരിഞ്ഞുകിട്ടാനുണ്ട്. അതിൽ അരലക്ഷത്തിലധികം രൂപ കുടിശ്ശികയുള്ളവരുടെ പേരും സംഖ്യയും താഴെപ്പറയുന്നു.

ശ്രീ. കെ. വി. പവിത്രൻ	52,000.00
ശ്രീ. ജി. ശ്രീധരൻ	57,053.00
ശ്രീ. കെ. വി. കുഞ്ഞിപിള്ളി	1,12,327.50
ശ്രീ. എം. എസ്. വിശ്വനാഥപിള്ള	54,790.00
ശ്രീ. ടി. എം. എസ്. കുറ്റിപ്പുറം	59,599.00
ശ്രീ. സുബ്രഹ്മണ്യൻ	66,700.00
ശ്രീ. എം. എം. അക്ബർ	52,920.00
ശ്രീമതി സി. സി. എം. ചന്ദ്രമതി	52,171.00
ശ്രീ. കെ. മുകുന്ദൻ	57,421.00
കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ	85,536.00

LIBRARY ARCHIVES Kerala Legislative Assembly